# കാലാവസ്ഥാ വ്യതിയാനങ്ങളും ദുരന്തനിവാരണവും

**അഡ്വ: പി. വിശ്വംഭരപണിക്കർ**

**കാ**ലാവസ്ഥാ വ്യതിയാനം ആഗോളതലത്തിൽ തന്നെ പഠനവിധേയമായിക്കൊണ്ടിരിക്കുന്ന വിഷയമാണല്ലോ. പ്രകൃതിയിലുണ്ടാക്കുന്ന മനുഷ്യന്റെ അശാസ്ത്രീയമായ ഇടപെടലുകൾ കാലാവസ്ഥാ വ്യതിയാനത്തിന് ശക്തി പകർന്നുകൊണ്ടിരിക്കുന്നു. ഇതിനെ സംബന്ധിച്ച് ആഗോള തലത്തിൽ പഠനങ്ങളും ചർച്ചകളും പരിഹാര നിർദ്ദേശങ്ങളും മറ്റും നടപ്പിലാക്കിക്കൊണ്ടിരിക്കുക്കുകയാണ്. എന്നാൽ കാലാവസ്ഥാ വ്യതിയാനം ഉണ്ടാക്കുന്ന പ്രകൃതി ദുരന്തങ്ങളുടെ ദുരന്താനുഭവങ്ങളെ നേരിടുന്നതിനെ സംബന്ധിച്ച് ചില അനുഭവങ്ങളാണ് ഞാനിവിടെ പങ്കുവെയ്ക്കുന്നത്.

പ്രകൃതിദുരന്തങ്ങളെ നേരിടുന്നതിന് സഹായകരമായ ഒട്ടേറെ പ്രവർത്തനങ്ങൾ ജനകീയാസൂത്രണത്തിന്റെ ആവിർഭാവത്തിനുശേഷം നടക്കുകയുണ്ടായി. പ്രകൃതിയേയും മണ്ണിനേയും ജലത്തേയും സംരക്ഷിക്കുന്നതിനുള്ള ഒട്ടേറെ പ്രവർത്തനങ്ങൾ ഹരിതമിഷന്റെ ചുമതലയിൽ നടന്നിട്ടുണ്ട്.

കഴിഞ്ഞ പത്ത് വർഷത്തിനിടയിൽ 2018ലും 2019ലും 2026ലുമായി അസാധാരണമായ മൂന്ന് പ്രളയങ്ങളെയാണ് നമുക്ക് നേരിടേണ്ടിവന്നത്. 2018ലെ മഹാപ്രളയം വലിയ ദുരിതങ്ങളോടൊപ്പം ഒട്ടേറെ അനുഭവങ്ങളും പാഠങ്ങളും നമുക്ക് നൽകുകയുണ്ടായി. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ശാക്തീകരിച്ചതിന്റെ ഫലമായി ഉണ്ടായ മികവുറ്റ പ്രവർത്തനം പ്രളയ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് ഏറെ സഹായകരമായി. ജനപ്രതിനിധികളും ഉദ്യോഗസ്ഥരും പൊതുജനങ്ങളും ഒന്നുചേർന്ന് പ്രളയ ദുരന്തങ്ങളെ നേരിടുന്ന അനുഭവമാണ് നമ്മൾ കണ്ടത്.

2018 ലെ പ്രളയ അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ ദുരന്തനിവാരണ കർമ്മ പദ്ധതി എല്ലാ ഗ്രാമപഞ്ചായത്തുകളും തയ്യാറാക്കി ഡിസ്ട്രിക്റ്റ് പ്ലാനിംഗ് കമ്മിറ്റിയുടെ അംഗീകാരത്തോടെ ജില്ലാ രേഖയായി മാറിയിട്ടുണ്ട്.

ഗ്രാമപഞ്ചായത്തുകൾക്ക് ഒരു disaster management plan ഉണ്ടാവുകയും അത് പ്രാവർത്തികമാക്കുന്നതിനുള്ള ഫണ്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കുകയും ചെയ്യുന്നത് ഈ മേഖലയിലെ പ്രവർത്തനങ്ങൾക്ക് ഏറെ സഹായകരമായിരിക്കും.

പ്രകൃതിദുരന്തത്തിന്റെ ഫലമായി ഉണ്ടാകുന്ന കെടുതികളായ പ്രളയവും വരൾച്ചയും ആണെങ്കിലും നമ്മെ ഏറെ ബാധിക്കുന്നത് പ്രളയ ദുരന്തം തന്നെയാണ്. പ്രളയങ്ങൾ പൊതുവായി നമ്മുടെ സാമൂഹിക ജീവിതത്തെയും കൃഷി, മൃഗസംരക്ഷണം, ചെറുകിട വ്യാപാരങ്ങൾ തുടങ്ങിയവയെയും ബാധിക്കുന്നു. ഇതുമൂലം സാമ്പത്തിക നഷ്ടങ്ങൾ മാത്രമല്ല ജീവിത സുരക്ഷിതത്വവും ഇല്ലാതാകുന്നു.

പ്രളയം ഉണ്ടായി അതിന് പരിഹാരം കാണുന്നതിനേക്കാൾ ഏറെ പ്രായോഗികം പ്രളയത്തിന്റെ ആഘാതം കുറക്കുവാൻ കഴിയുന്ന മാർഗ്ഗങ്ങൾ തേടുകയാണ്. കുട്ടനാട്, അപ്പർ കുട്ടനാട് തുടങ്ങിയ താഴ്ന്ന പ്രദേശങ്ങളിൽ പ്രളയം കൂടുതലായി ഉണ്ടാകുന്നതിന്റെ പ്രധാന കാരണങ്ങൾ ഇവയാണ്:

- പുഴകളും തോടുകളും, ചെളിയും മണ്ണും കയറി നികരുന്നതുമൂലം ആഴം കുറഞ്ഞ് നീരൊഴുക്ക് തടസ്സപ്പെടുന്നു.
- യഥാസമയം പൊഴി മുറിക്കാത്തതുമൂലം കടലിലേക്കുള്ള ജല നിർഗ്ഗമനം തടസ്സപ്പെടുന്നു.
- വ്യാപകമായി കൃഷിസ്ഥലങ്ങൾ മണ്ണിട്ടു മൂടിയതുമൂലം കൃഷിസ്ഥലങ്ങളുടെ ജല സംഭരണശേഷി കുറഞ്ഞുവരുന്നു.
- കുളങ്ങൾ, തോടുകൾ, കായലുകൾ തുടങ്ങിയവ നികത്തുന്നതുമൂലം ജലസംഭരണ ശേഷി കുറയുന്നു.
- പുഴകളിലും തോടുകളിലും മറ്റുമുള്ള മാലിന്യനിക്ഷേപം ജലമൊഴുക്ക് തടസ്സപ്പെടുത്തുന്നു.
- അശാസ്ത്രീയമായ നിർമ്മാണ പ്രവർത്തനങ്ങളുടെ ഫലമായി ജലസംഭരണികളുടെ സംഭരണ ശേഷികൾ കുറയുകയും തോടുകളിലേക്കും പുഴകളുടേയും നീരൊഴുക്ക് തടസ്സപ്പെടുകയും ചെയ്യുന്നു.

ഈ വക പ്രശ്നങ്ങളുടെ പരിഹാരത്തിലൂടെ ഒരു പരിധിവരെ അനിയന്ത്രിതമായ വെള്ളപ്പൊക്കത്തെ തടയുവാനും അതുവഴിയുണ്ടാകുന്ന വൻ കെടുതികൾ ഒഴിവാക്കുവാനും കഴിയും. സമീപകാലത്ത് നടന്നിട്ടുള്ള പുഴകളുടെയും തോടുകളുടെയും നവീകരണ പ്രവർത്തനങ്ങൾ കൊണ്ട് വെള്ളപ്പൊക്ക ആഘാതം കുറക്കുവാൻ കഴിഞ്ഞിട്ടുണ്ട്

ഹരിത മിഷന്റെ പ്രവർത്തനത്തിന്റെ ഫലമായി ഒട്ടേറെ പുഴ നവീകരണ പ്രവർത്തനങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പാക്കി. ഇതിന് തൊഴിലുറപ്പ് മേഖലയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വികസന ഫണ്ടും ഉപയോഗിക്കാൻ കഴിഞ്ഞു. ആലപ്പുഴ ജില്ലയിലെ കുട്ടംപേരൂർ ആറ്, ഇതു കൂടാതെ മണിമലയാറ്, മീനച്ചിൽ ആറ്, കാനാമ്പുഴ, കിള്ളിയാറ് തുടങ്ങിയ ഒട്ടേറെ പുഴകളും തോടുകളും നവീകരിച്ചു.

മണ്ണിടിഞ്ഞും കയ്യേറ്റങ്ങളുടേയും ഫലമായി ഇല്ലാതായ കുട്ടമ്പേരൂർ ആറിന് തൊഴിലുറപ്പ് പദ്ധതിയിലൂടെയും മറ്റ് ജനകീയ ഇടപെടലുകളിലൂടെയും പുനർജന്മം നൽകി ഗ്രാമപഞ്ചായത്തിന്റെ ചുമതലയിൽ ഇറിഗേഷൻ ഡിപ്പാർട്ട്മെന്റിന്റെ സഹായത്തോടെ 50 മീറ്റർ വീതിയിലും 12 കിലോമീറ്റർ നീളത്തിലും പുതിയ പുഴ നിർമ്മിച്ചു. പമ്പയാറിനെയും അച്ചൻകോവിലാറിനെയും തമ്മിൽ ബന്ധിപ്പിക്കുന്ന കുട്ടമ്പേരൂർ ആറ് നവീകരിച്ചതിന്റെ ഫലമായി ജലമൊഴുക്ക് സുഗമമാക്കുകയും ബുധനൂർ, മാന്നാർ, ചെന്നിത്തല, പാണ്ടനാട് തുടങ്ങിയ പ്രദേശങ്ങളിലെ പ്രളയത്തിന്റെ തീവ്രത കുറയുവാനും ഇടയായി. ഈ നാല് പഞ്ചായത്തുകളിലും വരൾച്ചയിൽ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനും കൃഷിക്കാവശ്യമായ ജലസേചനം നടത്തുന്നതിനും ഈ പുഴയ്ക്ക് കഴിയുന്നു.

കാലാവസ്ഥാ വ്യതിയാനം മൂലം ഉണ്ടാകുന്ന മറ്റൊരു പ്രകൃതി ദുരന്തമാണല്ലോ വരൾച്ച. കുടിവെള്ള ക്ഷാമവും കാർഷിക മേഖലയിലെ വരൾച്ചയും നേരിടുന്നതിന് ജലസംഭരണികളുടെ സംരക്ഷണം അനിവാര്യമാണ്.

യഥാസമയം കാലാവസ്ഥ മുന്നറിയിപ്പ് നൽകുന്നതിന് ഉണ്ടാകുന്ന പോരായ്മ പ്രകൃതിക്ഷോഭങ്ങളുടെ ആഘാതം വർദ്ധിപ്പിക്കുന്നു. ഇതിനാവശ്യമായ ശാസ്ത്രീയ സംവിധാനങ്ങൾ കൂടുതൽ ശക്തിപ്പെടേണ്ടതുണ്ട്.

**പരിഹാരനിർദ്ദേശങ്ങൾ**

1. യഥാസമയം കാലാവസ്ഥാ മുന്നറിയിപ്പുകൾ നൽകുക
2. ഗ്രാമപഞ്ചായത്ത് അടിസ്ഥാനത്തിൽ Disaster Management Plan ഉണ്ടാക്കുക
3. ഈ പദ്ധതികൾ നടപ്പിലാക്കുന്നതിനാവശ്യമായ ഫണ്ടും ഉദ്യോഗസ്ഥ സംവിധാനങ്ങളും ഗ്രാമപഞ്ചായത്തുകൾക്ക് ലഭ്യമാക്കുക.
4. പുഴകളിലെയും തോടുകളിലെയും മണ്ണ് നീക്കം ചെയ്ത് ആഴം വർദ്ധിപ്പിച്ച് നീരൊഴുക്ക് സുഗമമാക്കുക
5. ജലസംഭരണികളുടെ സംഭരണശേഷി വർദ്ധിപ്പിക്കുക
6. കൃഷിസ്ഥലങ്ങൾ സംരക്ഷിക്കുക
7. നീരൊഴുക്കിന് തടസ്സമാക്കുന്ന അശാസ്ത്രീയമായ നിർമ്മാണ പ്രവർത്തികൾ ഒഴിവാക്കുക
8. നിർമ്മിക്കുന്ന തോടുകളുടെയും ബണ്ടുകളുടെയും സംരക്ഷണം ഉറപ്പാക്കുക
9. ജലസംഭരണികളിലെയും പുഴകളിലെയും അനധികൃത കൈയേറ്റങ്ങൾ ഒഴിവാക്കുക
10. ബ്ലോക്ക് അടിസ്ഥാനത്തിൽ പുഴ, തോട്, ജലസംഭരണികൾ തുടങ്ങിയവ സംരക്ഷിക്കുന്നതിനാവശ്യമായ ജലസംരക്ഷണ സമിതികൾ രൂപീകരിച്ച് പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുക.
11. പ്രകൃതി ക്ഷോഭങ്ങളെ നേരിടുന്നതിന് കഴിയുന്ന തരത്തിൽ പഞ്ചായത്ത് അടിസ്ഥാനത്തിൽ ജനകീയ കമ്മിറ്റികൾ രൂപീകരിക്കുക.
12. ഓരോ പഞ്ചായത്തിലും ഡിസാസ്റ്റർ മാനേജ്മെന്റ് കമ്മിറ്റിയുടെ നേതൃത്വത്തിൽ വാളണ്ടിയർമാരെ പരിശീലിപ്പിക്കുക